# കോട്ടുവായ് ഇടുമ്പോൾ അഊദു ചൊല്ലൽ

ഫത്‌വ: മുഹമ്മദ് ബ്നു സ്വാലിഹ് ഉഥൈമീൻ(رحمه الله)
വിവർത്തനം: സയ്യിദ് സഅ്ഫർ സ്വാദിഖ് മദീനി

**ചോദ്യം:** കോട്ടുവായ് ഇടുമ്പോൾ أعوذ بالله من الشيطان الرجيم (ആട്ടിയോടിക്കപ്പെട്ട പിശാചിൽ നിന്ന് ഞാൻ അല്ലാഹുവിനോട് ശരണം തേടുന്നു) എന്ന് പറയൽ സുന്നത്താണോ? കാരണം കോട്ടുവായ് ശൈത്വാനിൽ നിന്നാണല്ലോ?

**മറുപടി:** അല്ലാഹുവിന് സ്തുതി. മനുഷ്യരിൽ ആരെങ്കിലും കോട്ടുവായ് ഇടുമ്പോൾ أعوذ بالله من الشيطان الرجيم (ആട്ടിയോടിക്കപ്പെട്ട പിശാചിൽ നിന്ന് ഞാൻ അല്ലാഹുവിനോട് ശരണം തേടുന്നു) എന്ന് പറയാൻ യാതൊരു തെളിവും വന്നിട്ടില്ല. മറിച്ച് കോട്ടുവായ് കഴിയുന്ന രൂപത്തിൽ ഒഴിവാക്കാൻ പരിശ്രമിക്കുക, സാധിച്ചില്ലെങ്കിൽ വായയിൽ കൈ വെക്കുക എന്നൊക്കെയാണ് തെളിവുകളിൽ വന്നിരിക്കുന്നത്.[1] ഇങ്ങനെ ചെയ്യുവാനാണ് നബി(ﷺ) യുടെ നിർദ്ദേശം. അല്ലാതെ നിങ്ങൾ കോട്ടുവായ് ഉണ്ടായാൽ ഇസ്തിആദത് (അഊദു ചൊല്ലൽ) ചെയ്യാൻ അവിടുന്ന് കൽപിച്ചിട്ടില്ല.

ഇനി, ആരെങ്കിലും അല്ലാഹു ഇപ്രകാരം പറഞ്ഞില്ലേ:

(وإما ينزغنك من الشيطان نزغٌ فاستعذْ بالله إنه سميع عليم) (الأعراف: 200)

(പിശാചിൽ നിന്നുള്ള വല്ല ദുഷ്പ്രേരണയും നിന്നെ ബാധിക്കുകയാണെങ്കിൽ നീ അല്ലാഹുവോട് ശരണം തേടിക്കൊള്ളുക. തീർച്ചയായും അവൻ എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാണ്) എന്നും കോട്ടുവായ് പിശാചിൽ നിന്നുമാണ് എന്ന് നബി(ﷺ) പറഞ്ഞില്ലേ എന്നും വാദിക്കുകയാണെങ്കിൽ അതിനുള്ള ഉത്തരം: അതെല്ലാം സ്വഹീഹാണ് (ശരിയാണ്). അല്ലാഹു അങ്ങിനെ പറഞ്ഞിട്ടുണ്ട്, കോട്ടുവായ് പിശാചിൽ നിന്നാണ് വരുന്നത് എന്ന് നബി(ﷺ)യും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ആയത്തിൽ പരാമർശിക്കപ്പെട്ട نزغ (ദുഷ്പ്രേരണ) കൊണ്ടുദ്ദേശിക്കുന്നത് മനുഷ്യർ തിന്മ ചെയ്യാനുദ്ദേശിക്കുമ്പോൾ എന്നാണ്. അത് നിർബ്ബന്ധ കാര്യങ്ങൾ ഉപേക്ഷിക്കുകയോ, നിഷിദ്ധമായത് ചെയ്യുകയോ ആവാം. അങ്ങിനെ തിന്മ ചെയ്യാൻ തോന്നുമ്പോൾ അവൻ പറയട്ടെ; أعوذ بالله من الشيطان الرجيم (ആട്ടിയോടിക്കപ്പെട്ട പിശാചിൽ നിന്ന് ഞാൻ അല്ലാഹുവിനോട് ശരണം തേടുന്നു). മറിച്ച് കോട്ടുവായ് ഉണ്ടാകുമ്പോൾ എന്താണ് ചെയ്യേണ്ടതെന്ന് നബി(ﷺ) പഠിപ്പിച്ചിരിക്കുന്നു, അതാണ് ചെയ്യേണ്ടത്.

അവലംബം: http://www.ibnothaimeen.com/all/noor/article_8666.shtml

[1] നബി ﷺ അരുളി: 'തുമ്മൽ അല്ലാഹുവിൽ നിന്നുള്ളതാണ്; കോട്ടുവായ പിശാചിൽ നിന്നും. കോട്ടുവായ ഇടുന്നവൻ തന്റെ കൈ അവന്റെ വായിൽ വെക്കട്ടെ. കോട്ടുവായകൊണ്ട് ഒരാൾ, ഹാ, ഹാ എന്ന് പറഞ്ഞാൽ പിശാച് പൊട്ടിച്ചിരിക്കുന്നതാണ്. അല്ലാഹു തുമ്മലിനെ ഇഷ്ടപ്പെടുകയും കോട്ടുവായയെ വെറുക്കുകയും ചെയ്യുന്നു.' (സ്വഹീഹ്, തിർമിദി)